(ബി) 1. സർവകലാശാലകളിലെ പ്രൈവറ്റ് രജിസ്ട്രേഷനെക്കുറിച്ചും അപ്രകാരം രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെക്കുറിച്ചും പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുന്നതിന് ഒരു ഏകാംഗ കമ്മീഷനെ നിയമിക്കും.

പ്രൈവറ്റ് രജിസ്ട്രേഷൻ ക്രമേണ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ എന്തൊക്കെ നടപടികളും സ്വീകരിക്കണമെന്നും, അതിനിടയിൽ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം ഉൾപ്പെടെയുള്ള കാര്യങ്ങളും പരിഗണിച്ച് എന്തെല്ലാം ചെയ്യണമെന്നും അതിനുവേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എന്തുമാത്രമായിരിക്കുമെന്നും കമ്മീഷൻ അന്വേഷിക്കും. രണ്ടുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷനോട് ആവശ്യപ്പെടുന്നതുമാണ്.

2. പ്രൈവറ്റ് രജിസ്ട്രേഷനുള്ള ഫീസ് ഏകീകരിക്കണമെന്നുള്ള നിർദ്ദേശം, കേരളാ-കോഴിക്കോട് സർവകലാശാലകളുടെ പരിഗണനയ്ക്ക് അയയ്ക്കാം.

3. സാങ്കേതികവിദ്യാലയങ്ങളുടെയും, വിദ്യാർത്ഥികളുടെയും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിന് എത്രയും വേഗം ഒരു കോൺഫറൻസ് വിളിച്ചുകൂട്ടാം.

4. ഫൈസ്ക്കും സിലബസ് പരിഷ്ക്കരിക്കുന്നതിനുള്ള കമ്മിറ്റിയിൽ വിദ്യാർത്ഥി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്താം.

5. അടുത്തവർഷം കൂടുതൽ കോളേജുകളിൽ ഷിഫ്റ്റ് ഏർപ്പെടുത്തുവാൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിക്കാം.

6. ഹരിജൻ വിദ്യാർത്ഥികളുടേയും മ്യൂസിക് കോളേജ് വിദ്യാർത്ഥികളുടേയും പ്രശ്നങ്ങളും പരിഹരിക്കുന്ന കാര്യം പരിഗണിക്കാം.

വയോജന വിദ്യാഭ്യാസ പദ്ധതി

* 126 [135] ശ്രീ. പി. കെ. ശങ്കരൻകുട്ടി:

,, ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് വയോജന വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിനേർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാം.

(ബി) ഏതെല്ലാം ഏജൻസി മുഖാന്തിരമാണ് പദ്ധതി നടപ്പിൽ വരുത്തുന്നത്;

(സി) ഏജൻസികളെ അംഗീകരിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്;

(ഡി) സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് ഗവൺമെന്റ് എന്തു മാനദണ്ഡമാണ് സ്വീകരിച്ചത്;

(ഇ) ഈ പദ്ധതിയനുസരിച്ച് എത്ര സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; അവ ഏതെല്ലാം;

(എഫ്) 1977-78, 1978-79 എന്നീ വർഷങ്ങളിലേയ്ക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഈ പദ്ധതിയുടെ ചെലവിലേക്കായി കിട്ടിയ ധനസഹായം എത്ര; എത്ര ചെലവായി; ലാപ്സായ സംഖ്യ എത്ര?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഈ സംസ്ഥാനത്ത് വയോജന വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ താഴെ പറയുന്നവയാണ്.

(1) മുഖ്യമന്ത്രി അദ്ധ്യക്ഷനും വിദ്യാഭ്യാസമന്ത്രി ഉപാദ്ധ്യക്ഷനുമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന വയോജന വിദ്യാഭ്യാസ ബോർഡ്.

(2) ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റിയറിംഗ് കമ്മിറ്റി.

(3) പബ്ലിക് റിലേഷൻസ് ഡയറക്ടർ കൺവീനറായിട്ടുള്ള പബ്ലിസിറ്റി കമ്മിറ്റി.

(4) കാൻഫെഡ് സംഘടനയുടെ ആഭിമുഖ്യത്തിൽ ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള സ്റ്റേറ്റ് റീസോഴ്സ് സെൻറർ,

(5) സംസ്ഥാനതലത്തിൽ ഗവൺമെൻറ് സെക്രട്ടറിയേറ്റിൽ അഡൽറ്റ് എഡ്യൂക്കേഷൻ സെല്ലും വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന വയോജന വിദ്യാഭ്യാസ ഓഫീസറും ഓഫീസും.

(6) ഓരോ ജില്ലയിലും ഈ പദ്ധതി നടപ്പിലാക്കുന്നതിൽ ജില്ലാ കളക്ടറെ സഹായിക്കുന്നതിനുവേണ്ടി ഒരു ജില്ലാ വയോജന വിദ്യാഭ്യാസ ഓഫീസും, ജില്ലാ വയോജന വിദ്യാഭ്യാസ കമ്മിറ്റിയും.

(ബി) ഈ പദ്ധതി താഴെ പറയുന്ന ഏജൻസികളും മുഖേനയാണ് നടപ്പിലാക്കുന്നത്:

(1) സന്നദ്ധ സംഘടനകൾ.

(2) നെഹ്റു യുവക് കേന്ദ്രങ്ങൾ.

(3) ഡവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറ്.

(4) സർവകലാശാലകൾ.

(സി, ഡി) ഏജൻസികളെ അംഗീകരിച്ച് സാമ്പത്തിക സഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ:

(1) ദേശീയ അടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസമേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകൾക്ക് മുൻഗണന നൽകണം.

(2) ഈ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകൾ രജിസ്റ്റർ ചെയ്തവ ആയിരിക്കണം.

(3) വ്യക്തമായ ഭരണഘടന ഉണ്ടായിരിക്കണം.

(4) ലാഭേച്ഛ കൂടാതെ സേവനതൽപരരായ എല്ലാ നല്ല ആളുകളേയും ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി മുന്നിട്ട് പ്രവർത്തിക്കുവാൻ താൽപര്യവും കഴിവുമുള്ള സന്നദ്ധ സംഘടനകളായിരിക്കണം.

(5) ചുരുങ്ങിയത് 1978 ജാനുവരി മാസത്തിനു മുൻപെങ്കിലും സംഘടന രജിസ്റ്റർ ചെയ്തിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(6) ജാതി-മത-വർഗ്ഗചിന്ത കൂടാതെ സാമൂഹ്യരംഗത്ത് പ്രവർത്തിക്കുകയും പ്രധാനമായും ആദിവാസികൾ, മലവർഗ്ഗക്കാർ, കടലോരത്തുള്ളവർ, നിരക്ഷരരായ സ്ത്രീകൾ, ഏറ്റവും പിന്നോക്കം നിൽക്കുന്ന ദുർബല വിഭാഗത്തിലുൾപ്പെടുന്ന ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ കണ്ടുപിടിച്ച് കേന്ദ്രങ്ങൾ തുടങ്ങി പ്രവർത്തിച്ചുവരികയും ചെയ്യുന്ന സന്നദ്ധ സംഘടനകൾക്ക് മുൻഗണന നൽകും.

(7) രാഷ്ട്രീയ പാർട്ടികളും അവരുടേതായ സംഘടനകളും അഖിലേന്ത്യാ മത-സാംസ്കാരിക യുവജനസംഘടനകളേയും വിദ്യാർത്ഥി-അദ്ധ്യാപക സംഘടനകളേയും ട്രേഡ് യൂണിയനുകളേയും സഹായധനം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഇ) 11 സംഘടനകൾക്ക് കേന്ദ്രഗവൺമെൻറ് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്:

(1) കാൻഫെഡ്, തിരുവനന്തപുരം.

(2) ഗാന്ധി സ്മാരകനിധി, തിരുവനന്തപുരം.

(3) വിക്ടറി എഡ്യൂക്കേഷൻ സൊസൈറ്റി, തിരുവനന്തപുരം.

(4) വിനോബ നികേതൻ, തിരുവനന്തപുരം.

(5) ദി കാമരാജ് സർവീസ് സൊസൈറ്റി, തിരുവനന്തപുരം.

(6) കേരളാ ഹിന്ദിപ്രചാരസഭ, തിരുവനന്തപുരം.

(7) വിജ്ഞാനസാഹിത്യസമിതി, തിരുവനന്തപുരം.

(8) ഡെയിൽവ്യൂ, ആര്യനാട്, തിരുവനന്തപുരം.

(9) കസ്തൂർബാ ഗാന്ധി നാഷനൽ മെമ്മോറിയൽ ട്രസ്റ്റ്, തൃശ്ശൂർ.

(10) കേരളാ പെരുവണ്ണാൻ സർവീസ് സംഘം, കക്കോടി, കോഴിക്കോട്.

(11) ചർച്ച് ഓഫ് സൗത്തിൻഡ്യ, തിരുവനന്തപുരം.

ഈ സംഘടനകൾക്ക് സാമ്പത്തിക സഹായം ഇൻഡ്യാ ഗവൺമെൻറ് നൽകുന്നതാണ്. ഇവയിൽ തന്നെ താഴെ പറയുന്ന നാല് സംഘടനകൾ പണം കൈപ്പറ്റിക്കഴിഞ്ഞു:.

(1) കാൻഫെഡ്, തിരുവനന്തപുരം.

(2) ഗാന്ധി സ്മാരകനിധി, തിരുവനന്തപുരം.

(3) വിജ്ഞാന സാഹിത്യസമിതി, തിരുവനന്തപുരം.

(4) ഡെയിൽവ്യൂ, ആര്യനാട്, തിരുവനന്തപുരം.

കാൻഫെഡ്, മിത്രനികേതൻ, ശാസ്ത്രസാഹിത്യ പരിഷത്ത്, കേരള ഗ്രന്ഥശാലാസംഘം, കെ. എ. പി. ടി. യു, പി. എസ്. ടി. എ., കേരളാ യൂണിവേഴ്സിറ്റി യൂണിയൻ, കെഎസ്ക്കോ, മലപ്പുറം, നെഹ്റു യുവകേന്ദ്രം, തിരുവനന്തപുരം ഈ സംഘടനകൾ 1978 ഒക്ടോബർ മുതൽ 1979 മാർച്ച് വരെ 10 കേന്ദ്രങ്ങൾ വീതം പല ജില്ലകളിലായി നടത്തിയതിന് (അങ്ങിനെ ആകെ 130 കേന്ദ്രങ്ങൾക്ക്) സംസ്ഥാന ഗവൺമെൻറ് ധന സഹായം നൽകിയിട്ടുണ്ട്. 1979 ഏപ്രിൽ മുതൽ 4 മാസത്തേക്കുകൂടി സാമ്പത്തിക സഹായം നൽകുവാൻ സത്വരനടപടികൾ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കേന്ദ്രഗവൺമെൻറിൽ നിന്നും ഈ പദ്ധതി ചെലവിലേയ്ക്കായി കിട്ടിയ ധനസഹായം.

(1) 1977–78-ൽ ഒന്നുമില്ല.

(2) 1978–79-ൽ സ്റേറ്റ് റിസോഴ്സ് സെൻറിന് രൂപാ തൊണ്ണൂറായിരം. സംസ്ഥാനത്തിനു മുപ്പത്തോരായിരത്തിയറുന്നൂറ് രൂപ.

ചെലവായത്:

1977–78-ൽ ഒന്നുമില്ല.

1978–79-ൽ സ്റേറേറ് റിസോഴ്സ് സെൻറിന് തൊണ്ണൂറായിരം രൂപ. സംസ്ഥാനത്ത് 27,900 രൂപ 25 പൈസ.

ലാപ്സായ തുക ഇല്ല. ശേഷിച്ച തുകയായ 3,699 രൂപ 75 പൈസ 1979–80-ൽ ചെലവാക്കുന്നതാണ്.

പുതിയ അംഗീകൃത വിദ്യാലയങ്ങൾ

* 127 [136] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പുതുതായി അംഗീകൃത വിദ്യാലയങ്ങൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പുതുതായി വിദ്യാലയത്തിന് അംഗീകാരമാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; അതിന് എന്തു നടപടികൾ എടുത്തു?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ, ബി) ഈ വർഷം 14 അംഗീകൃത വിദ്യാലയങ്ങൾക്ക് അനുമതി നൽകിക്കഴിഞ്ഞു. ഇവ പുതിയതെന്നു പറയുവാൻ നിവൃത്തിയില്ല. നേരത്തെ നിലവിലുണ്ടായിരുന്ന അംഗീകൃത വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുകയോ അല്ലെങ്കിൽ അവയുടെ താഴ്ന്ന തരങ്ങൾ അനുവദിക്കുകയോ ആണ് ചെയ്തിട്ടുള്ളത്. പുതുതായി അംഗീകൃത വിദ്യാലയങ്ങൾ അനുവദിക്കണമോ എന്ന് ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സ്ഥലം നിർണ്ണയിക്കുമ്പോൾ ലഭിച്ച അപേക്ഷകളും പരിഗണിക്കുന്നതാണ്.

പുതിയ സ്കൂളുകൾ

* 128 [137] ശ്രീ. സി. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പുതുതായി എത്ര സ്കൂളുകൾ അനുവദിച്ചു;

(ബി) 1979 ആഗസ്റ് മാസത്തിലും സെപ്റ്റംബർ മാസത്തിലും എത്ര സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്;

(സി) 1979 ആഗസ്റിലും സെപ്റ്റംബറിലും അനുവദിച്ച സ്ഥലങ്ങൾ നിയമപ്രകാരം നേരത്തെ നോട്ടിഫൈ ചെയ്തിരുന്നോ; ഉണ്ടെങ്കിൽ എന്നാണ്?

LIBRARY ARCHIVES Kerala Legislative Assembly